

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം ഒൻപത്

# സഭയും ലോകമതങ്ങളും



# സത്യാന്വേഷിയായ മനുഷ്യൻ

പ്രപഞ്ചത്തിന്റെ പൊരുൾ തേടുന്ന മനുഷ്യൻ എന്നും ഒരു സത്യാന്വേഷിയായിരുന്നു. ഈ സത്യാന്വേഷണം ഒരുവനെ ഈശ്വരചിന്തയിലേക്കു നയിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സത്യാന്വേഷി ഈശ്വരാന്വേഷിയായിരിക്കും. ഈശ്വരാന്വേഷണത്തിൽ നിന്നാണ് വിവിധ മതങ്ങളുടെ ഉത്ഭവം. മതങ്ങളുടെ ആദ്യഘട്ടങ്ങളിൽ ഇന്നത്തെ വ്യവസ്ഥാപിതവും സങ്കീർണവും നിയതവുമായ രൂപഭാവങ്ങൾ ഇല്ലായിരുന്നു.



ദൈവാന്വേഷണത്തിന്റെ ആദ്യരൂപങ്ങളാണ് പ്രപഞ്ച ശക്തികളുടെ ആരാധന, ആത്മവാദം, കുലദേവതാരാധന, മന്ത്രവാദം, പിതൃപൂജ മുതലായവ.











# മതവിശ്വാസങ്ങളുടെ ഉത്ഭവം



മതങ്ങളുടെ ഉത്ഭവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വ്യത്യസ്തങ്ങളാണ്. മനുഷ്യനെയും അവന്റെ ചരിത്ര ത്തെയും ആഴത്തിൽ സ്വാധീനിക്കുന്ന ഒന്നാണു മതചിന്ത. ഇന്നു ലോകത്തിൽ
വിവിധങ്ങളായ മതങ്ങളിൽ വിശ്വസിക്കുന്നവരുണ്ട്.



# ലോകമതങ്ങൾ



മതമെന്ന വാക്കിന്റെ അർത്ഥം അഭിപ്രായം എന്നാണ്. സത്യന്വേഷിയായ മനുഷ്യനെ കുഴയ്ക്കുന്ന ചില ചോദ്യങ്ങളുണ്ട്. മനുഷ്യന്റെ ഉത്ഭവം, ജീവിതത്തിന്റെ അർത്ഥം, നന്മതിന്മകൾ, ദുഃഖങ്ങളുടെ ഉത്ഭവം, ലക്ഷ്യം, മരണം, വിധി, മരണാനന്തജീവിതം എന്നിങ്ങനെയുള്ള അടിസ്ഥാനചോദ്യങ്ങളെ സംബന്ധിച്ച് ഒരുവന്റെ അഭിപ്രായം (മതം) ആണ് അവന്റെ മതവിശ്വാസം. മതത്തിന്റെ ഇംഗ്ലീഷ് പദമാണ് റിലീജിയൻ (Religion). ബന്ധം, ബന്ധിപ്പിക്കുക എന്നൊക്കെ അർത്ഥം വരുന്ന ഈ പദത്തിൽ നിന്നാകണം ദൈവവും മനുഷ്യനുമായുള്ള ബന്ധമായി മതത്തെ ചിത്രീകരിക്കാൻ പ്രേരകമായത്.

# ഷിന്റോയിസം

ബി.സി.
8–ാം നൂറ്റാണ്ടോടുകൂടി ജപ്പാനിൽ ഉടലെടുത്ത മതമാണിത്





ദൈവത്തെ ഒരു ശക്തിയായോ വ്യക്തിയായോ കാണുന്നതിനുപകരം സാധാരണ മനുഷ്യനേക്കാൾ അതീതമായ എന്തിനെയും ദൈവമായി കാണുന്ന മതമാണ് ഷിന്റോയിസം.

പ്രപഞ്ചത്തിൽ ദൈവങ്ങളുടെയും ആത്മാക്കളുടെയും സാന്നിദ്ധ്യം ഉണ്ട്. ഈ ശക്തികളെ കാമി (അതീതവ്യക്തി) എന്നാണ് അവർ വിളിക്കുന്നത്. അസാധാരണവും ഭയാനകവുമായ എന്തിനേയും കാമി ആക്കി അവർ പരിഗണിച്ച് ആരാധിക്കുന്നു.





# അമർത്തരാസോ

സ്വർഗത്തെ ഭരിക്കുന്ന അമർത്തരാസോ എന്ന സൂര്യദേവനാണ് പ്രധാനദൈവം

# കൺഫ്യൂഷ്യനിസം


ബ **ബി.സി** 6–ാം നൂറ്റാണ്ടിൽ ചൈനയിൽ ജീവിച്ചിരുന്ന കൺഫ്യൂഷ്യസ് (ആ.ഇ. 551479) സ്ഥാപിച്ച മതമാണ് കൺഫ്യൂഷ്യനിസം. കൺഢഫ്യൂഷ്യനിസം ബഹുദൈവ വിശ്വാസമാണ് പുലർത്തുന്നത്. അനുകമ്പ, തെറ്റായ പ്രവൃത്തിയിൽ ഉണ്ടാകുന്ന ലജ്ജ, ഔചിത്യം അഥവാ പെരുമാറ്റ ചട്ടം, നന്മതിന്മകളെ വിവേചിച്ചറിയാനുള്ള ജ്ഞാനം, വിശ്വസ്തത എന്നീ അഞ്ച് മൗലിക സുകൃതങ്ങൾ പാലിച്ച് ജീവിച്ചാൽ സ്വർഗഭാഗ്യം നേടാമെന്ന് അവർ വിശ്വസിക്കുന്നു.



കൺഫ്യൂഷ്യസ്



The Dacheng Hall, the main hall of the Temple of Confucius in Qufu



# താവോയിസം

ബി.സി. 6–ാം നൂറ്റാണ്ടിൽ ചൈനയിൽ ജീവിച്ചിരുന്ന 'ലാവോത്സു' (Lao Tzu) ആണ് ഈ മതത്തിന്റെ സ്ഥാപകൻ. ഇദ്ദേഹം രചിച്ച "താവോ തെ ചിങ്ങ്" ആണ് ഇവരുടെ മതഗ്രന്ഥം. എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന അദികാരണവും അന്ത്യലക്ഷ്യവുമായ അവർണ്ണനീയമായ പരമസത്തയാണ് ദൈവം. ഈ ദൈവത്തെ മനുഷ്യന്റെ ബുദ്ധി കൊണ്ട് മാത്രം അന്വേഷിച്ച് കണ്ടെത്താനാവില്ല, മറിച്ച് ദൈവം അത് സ്വയം വെളിപ്പെടുത്തണം. ഈ വെളിപാടിൽ ദൈവവും പ്രപഞ്ചവും താനും വ്യത്യസ്തമല്ല. പ്രത്യുത, ഒന്നാണെന്നുള്ള സത്യം ഗ്രഹിക്കുന്നതാണ് മോക്ഷം. സാധാരണ താവോയിസ്റ്റ് മതത്തിൽ ബഹുദൈവ വിശ്വാസവും നിലനിൽക്കുന്നുണ്ട്.

**Lao Tzu**





# പാർസി മതം


Soraster



ബി.സി. 6–ാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ചിരുന്ന സൊറാസ്തർ (Soraster) ആണ് ഈ മതത്തിന്റെ സ്ഥാപകൻ. ‘അവസ്ത’ ആണ് ഈ മതത്തിന്റെ വിശുദ്ധ ഗ്രന്ഥം. സൊറാസ്തറിന് ദൈവം നേരിട്ട് വെളിപ്പെടുത്തിയ തത്വങ്ങളാണ് ഇതിന്റെ ഉള്ളടക്കം. പാർസിമതം ഏക ദൈവത്തിൽ വിശ്വസിക്കുന്നു. ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ഈ പ്രപഞ്ചത്തിൽ ദൈവം എല്ലായിടത്തും എല്ലാറ്റിലും സന്നിഹിതനാണ്. മനുഷ്യൻ ആത്മാവ്, ശരീരം, ജീവൻ എന്നീ മൂന്ന് ഘടകങ്ങളുടെ സങ്കലനമാണ് മനുഷ്യന്റെ ഈ ലോകത്തിലുള്ള പ്രവൃത്തികൾക്ക് അനുസരിച്ച് സ്വർഗഭാഗ്യമോ, നരക ശിക്ഷയോ ലഭിക്കുന്നു.



# ബുദ്ധമതം



ക്രിസ്തുവിന് മുമ്പ് 6–ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന ശ്രീബുദ്ധൻ സ്ഥാപിച്ച മതമാണ് ബുദ്ധമതം. 'ധർമ്മപദം' എന്ന പുസ്തകമാണ് ബുദ്ധമതത്തിന്റെ വി. ഗ്രന്ഥം. ഈ ലോകത്തിലെ എല്ലാ ദുഃഖങ്ങൾക്കും കാരണം ആഗ്രഹമാണ്. അതുകൊണ്ട് ആഗ്രഹങ്ങൾ വെടിഞ്ഞാൽ ദുഃഖങ്ങളും ഇല്ലാതാകും. ഇതിലേക്കായി ബുദ്ധമതം അഷ്ടമാർഗ്ഗങ്ങൾ ഉപദേശിക്കുന്നു. 1. ശരിയായ ജ്ഞാനം, 2. ശരിയായ ജീവിത വീക്ഷണം, 3. ശരിയായ വാക്ക്, 4. ശരിയായ കർമ്മം, 5. ശരിയായ ഉപജീവനം, 6. ശരിയായ പ്രവൃത്തി, 7. ശരിയായ ചിന്ത, 8. ശരിയായ സമാധി. അഹിംസയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്ന മതമാണ് ബുദ്ധമതം.

# ജൈനമതം

24 തീർത്ഥങ്കരന്മാരാൽ സ്ഥാപിക്കപ്പെട്ട മതമാണ് ജൈനമതം. ആദ്യത്തെ തീർത്ഥങ്കരനായ ഋഷഭനും, അവസാനത്തെ തീർത്ഥങ്കരനായ വർദ്ധമാനമഹാവീരനും കൂടുതൽ പ്രാധാന്യം കല്പിക്കപ്പെടുന്നു. വർദ്ധമാനമഹാവീരൻ ശ്രീബുദ്ധന്റെ സമകാലികനാണ്. 'ജൈന സൂക്തങ്ങൾ' എന്ന ഗ്രന്ഥമാണ് ജൈനമതത്തിന്റെ വി. ഗ്രന്ഥം. എല്ലാ മതങ്ങളിലും കാണുന്ന ദൈവവാസ്തിത്വ ചിന്ത ജൈനമതത്തിലില്ല. ദൈവത്തെ കാണാനോ ഗ്രഹിക്കുവാനോ മനുഷ്യന് സാധ്യമല്ലെന്നാണ് ജൈനമതവിശ്വാസം. മാത്രവുമല്ല, അങ്ങനെചെയ്താൽ ദൈവത്തെക്കുറിച്ചുള്ള ആശയം അപൂർണമാതി തീരുകയും ചെയ്യും. ധ്യാനത്തിലൂടെയും അഹിംസയിലൂടെയും കർമ്മബന്ധത്തിൽ നിന്നും മോചനം നേടി മോക്ഷം പ്രാപിക്കാൻ സാധിക്കുമെന്ന് അവർ വിശ്വസിക്കുന്നു. 1 ശരിയായ വിശ്വാസം, 2. ശരിയായ അറിവ്, 3. ശരിയായ സദാചാരം.



വർദ്ധമാനമഹാവീരൻ



**Jain Monk**

# സിക്കുമതം

ഏ.ഡി. 15–ാം നൂറ്റാണ്ടിൽ പഞ്ചാബിൽ ജീവിച്ചിരുന്ന ഗുരുനാനാക്ക് സ്ഥാപിച്ച മതമാണ് സിക്കു മതം. ഹിന്ദുമത്തിലേയും, ഇസ്ലാംമതത്തിലെയും പല ഘടകങ്ങൾ യോജിപ്പിച്ച് വ്യാഖ്യാനിച്ചതു വഴിയാണ് സിക്കുമതം ഉത്ഭവിച്ചത്. 'ഗുരുഗ്രന്ഥസാഹിബ്' ആണ് അവരുടെ വി. ഗ്രന്ഥം. സിക്കുമതം ഏകദൈവത്തിൽ വിശ്വസിക്കുന്നു. ദൈവം സത്യമാണ്. ഈ സാക്ഷാത്ക്കാരത്തിനുള്ള വഴി ഭക്തിമാർഗമാണ്. ഹിന്ദുമതത്തിലെ ജനന–മരണ–പുർഢജനനശ്രേണിയെ സിക്കുമതവും പഠിപ്പിക്കുന്നു. ഈ ബന്ധനത്തിൽ നിന്നും മോചനം നേടി അനന്ത പ്രകാശമായ ദൈവത്തിൽ ലയിക്കുന്നതാണ് മുക്തി.



ഗുരുനാനാക്ക്

Olden Temple









# യഹൂദമതം

ഏകദൈവ വിശ്വാസമാണ് യഹൂദമതത്തിന്റെ അടിസ്ഥാനം. ദൈവം ശൂന്യതയിൽ നിന്ന് പ്രപഞ്ചത്തേയും അതിലെ എല്ലാ സൃഷ്ടിജാലങ്ങളെയും സൃഷ്ടിച്ചു. സൃഷ്ടിയുടെ മകുടമായി മനുഷ്യനെ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഈ മനുഷ്യൻ പാപം ചെയ്തു ദൈവത്തിന്റെ കോപത്തിനിരയാകുകയും പറുദീസായിൽ നിന്നു നിഷ്കാസിതനാവുകയും ചെയ്തു. മനുഷ്യവർഗത്തെ രക്ഷിക്കുന്നതിനായി ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. ഈ രക്ഷകനെയും പ്രതീക്ഷിച്ചു കഴിയുകയാണു യഹൂദജനത ഇന്ന്.

# ഇസ്ലാംമതം

ഏ.ഡി. 610 നും 632 നും ഇടയിൽ ‘അള്ളാഹു’ (ദൈവം) പ്രവാചകനായ മുഹമ്മദിന് വെളിപ്പെടുത്തിക്കൊടുത്ത മതമാണ് ഇസ്ലാംമതം.



## ‘ഖുർ–ആൻ” ആണ് ഇസ്ലാം മതത്തിന്റെ വിശുദ്ധ ഗ്രന്ഥം.

ഒരാൾ ഇസ്ലാം ആയിരിക്കുവാനും സ്വർഗപ്രാപ്തി നേടുവാനും പ്രധാനമായി അഞ്ച് മത ധർമങ്ങൾ അനുഷ്ഠിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇസ്ലാമിന്റെ “പഞ്ചസ്തൂപങ്ങൾ” എന്നാണിവ അറിയപ്പെടുന്നത്.

1. അള്ളാഹുവിലും പ്രവാചകനിലും വിശ്വസിക്കുകയും അത് പ്രഖ്യാപിക്കുകയും ചെയ്യുക, 2. നിശ്ചയിക്കപ്പെട്ടിരിക്കുന്ന അഞ്ച് നേരത്തെ നിസ്കാരം കൃത്യസമയത്തു തന്നെ നിർവഹിക്കുക, 3. ഓരോരുത്തരുടെയും കഴിവിനനുസരിച്ച് നിർബന്ധമായും ദാനധർമ്മം ചെയ്യുക, 4. റംസാൻ മാസത്തിൽ നോമ്പ് ആചരിക്കുക, 5. സാധിക്കുന്ന എല്ലാവരും വിശുദ്ധ നഗരമായ മെക്കയിലേക്ക് തീർത്ഥാടനം (ഹജ്ജ്) നടത്തുക.

# ഹിന്ദുമതം





**ഹിന്ദുമതത്തെ നിർവചിക്കുക എളുപ്പമല്ല. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും പിന്തുടരുന്ന വിവിധ ഉപാസന സമ്പ്രദായങ്ങൾ ഹിന്ദുമതം എന്ന പേരിൽ അറിയപ്പെടുന്നു. സനാതനധർമ്മം, വൈദികധർമം എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. ഒരു ജീവിതചര്യയാണിത്.**



ഹിന്ദുമതത്തിന്റെ വി. ഗ്രന്ഥമെന്നത് ഒരു സമുച്ചയാമാണ്. ഇതിൽ വേദങ്ങളും, ഉപനിഷത്തുകളും, ബ്രാഹ്മണ്യങ്ങളും, ഭഗവദ്ഗീതയും, രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളും ഉൾപ്പെടുന്നു.

അനന്തമായി നീളുന്ന ജനനമരണ ചക്രത്തിൽ നിന്നുള്ള മോചനമാണ് മുക്തി. മുക്തി പ്രാപിക്കുവാൻ ജ്ഞാനം, കർമം, ഭക്തി എന്നീ മൂന്ന് മാർഗങ്ങളുണ്ട്. മുക്തി പ്രാപിക്കുന്നവർ പരമാത്മാവിൽ ലയിക്കുന്നു. ഇത് നിത്യമായ ആനന്ദാവസ്ഥയാണ്.




# ക്രിസ്തുമതം

ഈശോ ദൈവത്തിന്റെ
പുത്രനാണ് എന്നതും അവി
ടുന്ന് എല്ലാവരുടെയും
രക്ഷയ്ക്കു വേണ്ടി പീഡ
കൾ സഹിക്കുകയും, മരി
ക്കുകയും മൂന്നാംനാൾ
ഉയർക്കുകയും ചെയ്തു
വെന്നതും യേശുക്രിസ്തു
വിനെ ഇതര മതസ്ഥാപക
രിൽ നിന്ന് വ്യത്യസ്ഥനാ
ക്കുന്നു.




ക്രിസ്തുവിൽ വിശ്വ
സിക്കുകുയം അവി
ടുത്തെ പ്രബോധന
ങ്ങൾ അനുസരിച്ച്
ജീവിക്കുകയും
ചെയ്യുന്നവരുടെ
സമൂഹത്തെയാണു
ക്രിസ്തുമതം എന്ന്
വിളിക്കുന്നത്.


# മറ്റു മതങ്ങളോടുള്ള സമീപനം

അക്രൈസ്തവ മതങ്ങൾ എന്ന പേരിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചിരിക്കുന്ന പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ മറ്റു മതവിഭാഗങ്ങളിലുള്ളവരോടു ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട സമീപനം വ്യക്തമാക്കുന്നുണ്ട്. 'ലോകമതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാസഭ തിരസ്കരിക്കുന്നില്ല' (അക്രൈസ്തവ മതങ്ങൾ 2). "മറ്റു മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല. മറ്റു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും, സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്നു പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസഭ അവയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടു
കൂടിയാണു നിരീക്ഷിക്കുന്നത്"
(അകൈസ്തവമതങ്ങൾ 2).



- എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി അവയിലെല്ലാം ഉണ്ടെന്നു സഭ വിശ്വസിക്കുന്നു. സത്യത്തിന്റെ അംശവും ദൈവത്തിന്റെ സാമീപ്യവും എല്ലാ മതങ്ങളിലും ഉള്ളതിനാൽ പ്രസ്തുത മതങ്ങളിൽ വിശ്വസിക്കുന്നവർക്ക് അവ രക്ഷയുടെ അടയാളങ്ങളായി തന്നെയാണു നിലകൊള്ളുന്നത്. ഇതര മതങ്ങളിൽ താപസപരവും ധ്യാനപരവുമായ ധാരാളം പാരമ്പര്യങ്ങൾ ഉണ്ടെന്ന വസ്തുത സഭ അംഗീകരിക്കുന്ന (പ്രേഷിതപ്രവർത്തനം 18). തന്റെ രക്ഷാകരപദ്ധതിയിൽ നിന്നു ദൈവം ആരെയും മാറ്റി നിർത്തിയിട്ടില്ല. എല്ലാവരെയും ഉൾക്കൊള്ളുന്നതാണു ദൈവത്തിന്റെ രക്ഷാകരസ്നേഹം.




HALL PRESENTS
RELIGION 101
EVERYTHING YOU THOUGHT YOU KNEW ABOUT RELIGION... BUT DIDN'T


儒
神
道


THANK
YOU


Thanks to God
&
Thanks to everybody…..